<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** — **23-01-2025 - ൽ മറുപടിയ്ക്ക്**

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഇപ്പോൾ ലഭിക്കുന്ന കേന്ദ്ര വിഹിതം എത്രയെന്ന് വിശദമാക്കുമോ;<br>ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും വിഹിതം ലഭിക്കുന്നതിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഇപ്പോൾ 151.33 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്.<br>ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും വിഹിതം ലഭിക്കുന്നതിൽ കുടിശ്ശിക നിലവിൽ ഇല്ല. |
| (ബി) | കാസ്പിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾക്കും സർക്കാർ ആശുപത്രികൾക്കും നിലവിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് വേർതിരിച്ച് അറിയിക്കാമോ; | (ബി) | കാസ്പിൽ എംപാനൽ ചെയ്ത സർക്കാർ ആശുപത്രിയ്ക്ക് 1203.59 കോടി രൂപയും, സ്വകാര്യ ആശുപത്രിയ്ക്ക് 376.59 കോടി രൂപയും കുടിശ്ശിക തുക നൽകാനുണ്ട്. |
| (സി) | ഇത്തരത്തിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ അനുവദിക്കേണ്ട കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ കുടിശ്ശിക ഒന്നും നൽകാനില്ല. |

സെക്ഷൻ ഓഫീസർ